ഉത്തരം

(എ) ചോദ്യം കൊഴൽമന്ദം-മങ്കര റോഡിനെപ്പറ്റിയാണെന്ന് അനുമാനിക്കുന്നു. ഈ റോഡ് അഭിവൃദ്ധിപ്പെടുത്താനുള്ള യാതൊരു നിർദ്ദേശവും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി, സി, ഡി) ചോദ്യം 'എ' വിഭാഗത്തിനു നൽകിയ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

എ. പി. കുട്ടൻ നായരുടെ പെൻഷൻ ആനുകൂല്യങ്ങൾ

1199 [1912] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ബി. ആൻറ് ആർ. ഡിവിഷന്റെ കീഴിൽ എൻ. എം. ആർ. തെഴിലാളിയായിരുന്നു പെൻഷൻ പറ്റിപ്പിരിഞ്ഞ ശ്രീ. എ. പി. കുട്ടൻ നായരുടെ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകിയോ;

(ബി) നൽകിയെങ്കിൽ എന്നാണ് ഇതിനുള്ള ഉത്തരവുണ്ടായത്;

(സി) നൽകിയില്ലെങ്കിൽ എന്തു കാരണത്താലാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ശ്രീ. കുട്ടൻ നായർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടി രേഖകൾ മേൽനടപടികൾക്കായി അക്കൗണ്ടന്റ് ജനറലിന് അയച്ചിരിക്കുകയാണ്.

ടാർ

1200 [1913] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ ''ബിറ്റുമൻ'' (ടാർ) ഏതൊക്കെ കമ്പനികളാണ് സപ്ലൈ ചെയ്യുന്നത്;

(ബി) ഏതൊക്കെ കമ്പനികൾ എത്ര വീതം;

(സി) സംസ്ഥാനത്തിന്റെ വാർഷികാവശ്യം എത്രയാണ്?

ഉത്തരം

(എ) (1) ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ.

(2) ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ.

(ബി) ഓരോ കമ്പനിക്കും എത്രവീതം സപ്ലൈ ചെയ്യണമെന്ന് പ്രത്യേക നിബന്ധനയൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉദ്ദേശം 25,000 ടൺ. എന്നാൽ ഈ സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്കംമൂലം കേടുപാടായ റോഡുകൾ നന്നാക്കുന്നതിന് 13,000 ടൺ ബിറ്റുമിൻ കൂടുതൽ ആവശ്യമായി വന്നു.

കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനങ്ങൾ

1201 [1914] ശ്രീ. എം. പി. ഗംഗാധരൻ:
,, സേവ്യർ അറയ്ക്കൽ:
,, പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരെയെല്ലാം നിയമിച്ചു;

(ബി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വന്നവർക്ക് മൊത്തം നൽകുന്ന ശമ്പളം എത്ര?

ഉത്തരം

(എ) 99 പേരെ നിയമിച്ചു. അവരുടെ ലിസ്റ്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.*(1)

(ബി) പ്രതിമാസം 1,48,775 രൂപ 90 പൈസ. വിശദവിവരങ്ങൾ ലിസ്റ്റിൽ കാണിച്ചിട്ടുണ്ട്.*(2)

മുട്ടറ ഹരിജൻ അധിവാസിത പ്രദേശത്തെ റോഡിന്റെ നിർമ്മാണം

1202 [1915] ശ്രീമതി മാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ മുട്ടറ ഹരിജൻ അധിവാസിത പ്രദേശത്തെ റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(ബി) അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പണി എന്നേക്കാരംഭിച്ച് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. താമസിയാതെ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

---

*(1) and *(2) അനുബന്ധം—II

LIBRARY ARCHIVES Kerala Legislative Assembly